## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.645 | 29/11/2018-ൽ മറുപടിക്ക്

### കായംകുളത്ത് ഇലക്ട്രിസിറ്റി ഓഫീസിന് പുതിയകെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ** | | ശ്രീ. എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കായംകുളത്ത് ഇലക്ട്രിസിറ്റി ഓഫീസിന് പുതിയകെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടും തുടർന്നുള്ള നടപടിക്രമങ്ങൾ തികച്ചും മന്ദഗതിയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കായംകുളം വില്ലേജിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സ്വന്തമായുള്ള 17 സെന്റ് സ്ഥലത്ത് കായംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷനോഫീസും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനോഫീസും പ്രവർത്തിക്കുന്നതിന് 262.39 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം 2018-19 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പണിയുന്നതിന് 28/06/2018-ൽ 81 ലക്ഷം രൂപയുടെ ഭരണാനുമതി ബോർഡ് നല്കിയിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ